പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3473

08.11.2019-ൽ മറുപടിയ്ക്ക്

## തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജ് പ്രവർത്തനം

*ചോദ്യം*

ശ്രീ.ജോർജ് എം. തോമസ്

*ഉത്തരം*

ഡോ.കെ.ടി. ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിനായി നിർമ്മിച്ച പുതിയ കെട്ടിടം വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | തിരുവമ്പാടി ഐ.എച്ച്.ആർ.ഡി കോളേജിനായി നിർമ്മിച്ച പുതിയ കെട്ടിടം പൊതുമരാമത്ത് വകുപ്പ് കോളേജിന് കൈമാറിയിട്ടില്ല. |
| (ബി) | പ്രസ്തുത കെട്ടിടം കൈമാറാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കെട്ടിടത്തിന് ഇതുവരെ പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ല. നിർമ്മാണത്തിലെ ചില ന്യൂനതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് അധികൃതർ പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. കെട്ടിട നമ്പർ ലഭിക്കാത്തതു കാരണം കെട്ടിടത്തിന് വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല.<br>പഞ്ചായത്ത് ചട്ടങ്ങൾക്ക് അനുസൃതമായി വീതിയുള്ള റോഡ് ക്യാമ്പസിലേയ്ക്ക് ലഭ്യമല്ല.<br>കോളേജ് ക്യാമ്പസിനുള്ളിൽ വിദ്യാർത്ഥികൾക്കായി കുടിവെള്ള സ്രോതസ്സ് ഇല്ല. കുഴൽ കിണർ |

| | | | |
|---|---|---|---|
| | | | കഴിക്കുന്നതിന് ഭൂഗർഭ ജല വകുപ്പ് സർവ്വേ നടത്തി ശുപാർശ ചെയ്യേണ്ടങ്കിലും കഴിക്കുന്നതിന് ആവശ്യമായ വാഹനങ്ങൾക്ക് ക്യാമ്പസിലേയ്ക്ക് പ്രവേശിക്കുന്നതിന് മതിയായ റോഡ് ഇല്ല. |
| (സി) | കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | കോളേജ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പി.ടി.എ യുടേയും സ്ഥലവാസികളുടെയും സഹകരണത്തോടെ സ്വീകരിച്ചു വരുന്നു. കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷനുള്ള തുക കെ.എസ്.ഇ.ബി. യിൽ അടക്കുകയും അതിൻ പ്രകാരം പോസ്റ്റുകൾ സ്ഥാപിച്ച് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോളേജിലേക്കുള്ള റോഡിന് വേണ്ടി അധിക സ്ഥലം വാങ്ങുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികൃതരുമായും പി.ടി.എ യുമായും സഹകരിച്ച് സ്വീകരിച്ചു വരുന്നു. |
| (ഡി) | കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ